**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2111. 07.03.2017 ൽ മറുപടിക്ക്

**കായംകുളം താലൂക്ക് ആശുപത്രിയിൽ ആധുനിക സംവിധാനങ്ങൾ**

| ചോദ്യം<br>ശ്രീമതി.യു.പ്രതിഭ ഹരി | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| കായംകുളം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ട്രോമാകെയർ എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | ട്രോമ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം താലൂക്ക് ആശുപത്രിക്ക് അനുവദിച്ച സി.റ്റി.സ്കാനർ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ/ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ ഉടൻതന്നെ പൂർത്തിയാകുന്നതാണ്. ഈ പദ്ധതിയിൽ അനുവദിച്ച മറ്റ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്.<br><br>ഈ ആശുപത്രിയിൽ തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റിന് ആവശ്യമുള്ള ഉപകരണങ്ങളിൽ ഭൂരിഭാഗവും വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ചെറിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കൂടാതെ ആശുപത്രിയിലെ ഡോക്ടർക്ക് ഡയാലിസ്സിസ് ട്രെയിനിംഗ് നൽകുന്നതിനും ആവശ്യമായ ജീവനക്കാരെ ഡയാലിസ്സിസ് യൂണിറ്റിലേക്ക് നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ